(ഇ-യും എഫും) ആ റിപ്പോർട്ടിനു് എതിരായിട്ടു് ഒരു നിലപാടു് ഹൈക്കോടതി കൈക്കൊണ്ടതായി കാണുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : ശ്രീ. നന്ദനമേനോന്റെ സുപ്രധാന പ്രകാരം സബ്കോടതി എവിടെ സ്ഥാപിക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവല്ലായിൽ.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ : കോടതികളുടെ അധികാരത്തിനെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തി റിപ്പോർട്ടു് ചെയ്യുന്നതിനായി ജഡ്ജി പത്മനാഭനെ നിയമിച്ചിട്ടില്ലായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയൊരാളെ നിയമിച്ചതായി കേട്ടിട്ടുണ്ടു്.

ശ്രീ. പി. കെ. മഹാദേവൻ : അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടു് അതേപടിതന്നെ അംഗീകരിച്ചോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അംഗീകരിച്ചു.

ഔദ്യോഗിക ഭാഷാ കമ്മീഷൻ.

* 67. [17] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ബി. ജി. ഖേർ ചെയർമാനായി ഇൻഡ്യാ ഗവണ്മെൻറു് നിയമിച്ചിട്ടുള്ള ഔദ്യോഗിക ഭാഷാ കമ്മീഷൻ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഈ കമ്മീഷന്റെ മുൻപാകെ എന്തെങ്കിലും അഭിപ്രായം ഈ ഗവണ്മെൻറു് സമർപ്പിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശ്രീ. ബി. ജി. ഖേർ ചെയർമാനായി ഇൻഡ്യാ ഗവണ്മെൻറു് നിയമിച്ചിട്ടുള്ള ഔദ്യോഗിക ഭാഷാകമ്മീഷൻ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടു്.

(ബി) ആ കമ്മീഷന്റെ മുമ്പാകെ ഈ ഗവണ്മെൻറു് ഒരു മെമ്മോറാണ്ടം കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : ആ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള കാര്യത്തിന്റെ വിവരമെന്താണെന്നു് അറിയിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു വളരെ ദീർഘമായ മെമ്മോറാണ്ടമാണു്. മുഴുവനും പറയുന്നതിനു സമയം അനുവദിക്കുമോ എന്നു തോന്നുന്നില്ല.

ശ്രീ. പി. വിശ്വംഭരൻ : ഇവിടത്തെ ഔദ്യോഗിക ഭാഷ ഹിന്ദിയാക്കുന്നതിനെ സംബന്ധിച്ചു, ഗവണ്മെൻറിന്റെ മനോഭാവമെന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഹിന്ദി ഔദ്യോഗികഭാഷയാക്കുന്നതിൽ ദോഷമൊന്നുമില്ലെങ്കിലും ശ്രദ്ധിക്കുന്നതു്. മാത്രമല്ല ഇംഗ്ലീഷിനും കൂടി വിചാരമുണ്ടു്.

ശ്രീ. പി. വിശ്വംഭരൻ : അങ്ങിനെയാണെങ്കിൽ എത്ര കൊല്ലം വേണ്ടു് ഔദ്യോഗിക ഭാഷയാക്കാൻ വിചാരിക്കുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിലേക്കു് എത്രകൊല്ലം വേണമെന്നു് പറയാൻ ഇപ്പോൾ സാധ്യമല്ല.

Tourist Resort.

* 68. [18] SHRI M. BHASKARAN NAIR : Will the Chief Minister be pleased to state :

(a) whether Government consider Kovalam, in Neyyattinkara as a very suitable place for tourist's resort; and

(b) whether Government have got any proposal to convert it into a tourist's Centre?

Chief Minister (SHRI PANAMPILLI GOVINDA MENON): (a) Government consider that Kovalam in Neyyattinkara taluk is a very suitable place for tourist's resort.

(b) Yes. Government propose to construct a Six-Room Hotel at Kovalam during the II Five Year Plan.

SHRI M. BHASKARAN NAIR : May I know whether there is any scheme for the improvement of tourist traffic?

SHRI PANAMPILLI GOVINDA MENON : An outline of the scheme is already in the Five Year Plan. The decision to be taken in the II Five Year Plan for the development of the tourist traffic is still pending.

ശമ്പളസ്കെയിൽ.

* 69. [19] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

യൂണിവേഴ്സിറ്റി ഗ്രാന്റു കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള ശമ്പളസ്കെയിലും വ്യവസ്ഥയും സംസ്ഥാന യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഗ്രാന്റു കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള ശമ്പളസ്കെയിലും വ്യവസ്ഥയും യൂണിവേഴ്സിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. കെ. യശോധരൻ: ഈ കാര്യത്തെപ്പറ്റി യൂണിവേഴ്സിറ്റി സെനറ്റിന്റെ അഭിപ്രായം എന്താണെന്നറിഞ്ഞിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly